പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ: 1307

12.07.2011-ൽ നൽകേണ്ടിയിരുന്നത്

## ലോക്കൽ സ്റ്റേഷനുകളിലെ വനിതാ പോലീസുകാർ

| ചോദ്യം<br>ശ്രീ.കെ.രാജു | ഉത്തരം<br>ശ്രീ.ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
|---|---|
| (എ) ലോക്കൽ പോലീസ് സ്റ്റേഷനുകളിൽ നിലവിലുള്ള വനിതാ എസ്.ഐ.മാരെ നിയമിക്കാറുണ്ടോ ; ഇല്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ ; | (എ) നിയമിക്കാറില്ല. ലോക്കൽ പോലീസ് സ്റ്റേഷനുകളിൽ വനിതാ എസ്.ഐ.മാരുടെ തസ്തിക സൃഷ്ടിച്ചിട്ടില്ല. |
| (ബി) എല്ലാ വനിതാ എസ്.ഐ.മാരെയും വനിതാ സി.ഐ.മാരെയും വനിതാസെൽ, വനിതാ ഹെൽപ്പ് ലൈൻ വിഭാഗങ്ങളിൽ മാത്രം പോസ്റ്റ് ചെയ്യുന്നത് ഒഴിവാക്കി ലോക്കൽ സ്റ്റേഷനുകളിൽ കൂടി നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ ; | (ബി) ഇക്കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിൽ ഇല്ല. |
| (സി) വനിതാ പോലീസ് ഉദ്യോഗസ്ഥരുടെ സുരക്ഷയ്ക്കായി എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് ; | (സി) വനിതാ പോലീസ് ഉദ്യോഗസ്ഥരെ പുരുഷ പോലീസ് ഉദ്യോഗസ്ഥരോടൊപ്പമാണ് ഡ്യൂട്ടിയ്ക്കു നിയോഗിക്കാറുള്ളത്. കൂടാതെ സംഘർഷ മേഖലകളിൽ ഒറ്റയ്ക്കുള്ള ഡ്യൂട്ടിയ്ക്ക് വനിതാ പോലീസുകാരെ നിയോഗിക്കാറില്ല. വനിതാ പോലീസ് ഉദ്യോഗസ്ഥർക്ക് പോലീസ് സ്റ്റേഷനുകളിൽ വിശ്രമത്തിനും മറ്റുമായി പ്രത്യേകം സൗകര്യം പരമാവധി ലഭ്യമാക്കിയിട്ടുണ്ട്. അത്യന്താപേക്ഷിതമായ സാഹചര്യം ഒഴികെ വനിതാ പോലീസുകാരെ ഒറ്റയ്ക്കു രാത്രികാല ഡ്യൂട്ടിയിൽ നിന്നും ഒഴിവാക്കാറുണ്ട്. |
| (ഡി) ഒരു സമയം ഒരു വനിതാ പോലീസ് കോൺസ്റ്റബിൾ മാത്രം സ്റ്റേഷനിൽ ജോലി ചെയ്യേണ്ടിവരുന്ന അവസ്ഥ ഒഴിവാക്കുവാൻ നടപടി സ്വീകരിക്കുമോ ; | (ഡി) സ്റ്റേഷനുകളിൽ ഒരു സമയം ഒന്നിലധികം വനിതാ പോലീസുകാരുടെ സേവനം ഉറപ്പുവരുത്തുന്നതിനായി എല്ലാ ജില്ലാ പോലീസ് മോധാവികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഇ) എല്ല പോലീസ് സ്റ്റേഷനുകളിലും 10% വനിതകളെ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ ? | (ഇ) പരിഗണനയിലില്ല. |

Seba

സെക്ഷൻ ഓഫീസർ